**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1764 — 17.03.2015-ലെ മറുപടിയ്ക്ക്

## സഹകരണ പരീക്ഷാ ബോർഡ് വഴിയുള്ള നിയമനങ്ങളിലെ സാമുദായിക സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | സഹകരണ പരീക്ഷാ ബോർഡ് വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങളിൽ സാമുദായിക സംവരണം പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ 1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80(4) പ്രകാരം ബാധകമാക്കിയിട്ടുള്ള 10% പട്ടികജാതി പട്ടികവർഗ്ഗ സംവരണം നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പരിമിതമായ ജീവനക്കാരുള്ള സംഘങ്ങളിൽ മറ്റ് സാമുദായിക സംവരണം പാലിക്കുന്നതിൽ പരിമിതിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വതന്ത്രമായ നിലനിൽപ്പും പരിമിതമായ ജീവനക്കാരും ഉള്ള സ്ഥാപനങ്ങളിൽ മറ്റ് സാമുദായിക സംവരണം പാലിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ സാമുദായിക സംവരണം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ